# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4144 16.12.2014-ലെ മറുപടിക്ക്

**<u>പ്രത്യേക സാമ്പത്തിക മേഖല (സെസ്സ്)</u>**

**<u>ചോദ്യം</u>**

**ശ്രീ. കെ. രാധാകൃഷ്ണൻ**

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി**
**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്) അനുവദിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് പറയാമോ ; | കേന്ദ്ര വാണിജ്യമന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുള്ള വിവരങ്ങൾ പ്രകാരം സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്) അനുവദിച്ചിട്ടുള്ളവയെക്കുറിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മേഖലകളിൽ സെസ്സ് അനുവദിക്കാനുണ്ടായ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ ; | 2005 ലെ സെസ്സ് ആക്ട് & 2006 ലെ സെസ് റൂൾസ് എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രത്യേക സാമ്പത്തിക മേഖലകൾ രൂപീകരിച്ചിട്ടുള്ളത്. സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവേകുക, ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും കയറ്റുമതിയും ആഭ്യന്തര-വിദേശ നിക്ഷേപങ്ങളും പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അടിസ്ഥാന സൗകര്യ വികസനമുണ്ടാക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. |
| (സി) | സെസ്സ് അനുവദിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങളും അവിടെ പ്രവർത്തിക്കുന്ന കമ്പനികൾ നൽകിയിട്ടുള്ള ഉറപ്പുകളും നടപ്പിലാക്കപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; | 2005 ലെ സെസ്സ് ആക്ടിൽ അനുശാസിച്ചിട്ടുള്ളതനുസരിച്ച് വിവിധ സെസ് യൂണിറ്റുകളുടെ പ്രവർത്തനം എല്ലാ വർഷവും കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കീഴിലുള്ള അപ്രൂവൽ കമ്മിറ്റി വിലയിരുത്തുന്നുണ്ട്. |

| | | |
|---|---|---|
| (ഡി) | രാജ്യത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ അനുവദിച്ചവ ലക്ഷ്യപ്രാപ്തിയിലെത്തുന്നതിൽ വിജയം കൈവരിച്ചില്ലെന്നും അതു കാരണം ഭീമമായ നികുതി നഷ്ടം സംഭവിക്കുന്നുവെന്നുമുള്ള സി.ഐ.ജി.യുടെ കണ്ടെത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | പ്രത്യേക സാമ്പത്തിക മേഖലകൾ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ സി.എ.ജി. ഇത്തരം റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിനാണ് സമർപ്പിക്കുന്നത്. ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. |
| (ഇ) | എങ്കിൽ നമ്മുടെ സംസ്ഥാനത്തെ സെസ് മേഖലകളിലും നികുതി വരുമാനവും മറ്റ് ഉദ്ദേശ്യലക്ഷ്യങ്ങളും കൈവരിക്കുന്നതിലുള്ള നിരീക്ഷണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | |

സെക്ഷൻ ഓഫീസർ

4144
16/12/14

അനുബന്ധം

| OPERATIONAL SEZs IN KERALA | | | |
|---|---|---|---|
| **No.** | **Name of the Developer** | **Location** | **Type of SEZ** |
| 1. | Cochin SEZ | Kochi | Multi Product |
| 2. | Carborundum SEZ | Kalamassery, EKM | Solar Photovaltaic |
| 3. | Electronic Technology Park-SEZ-I | Trivandrum | IT/ITES |
| 4. | Electronic Technology Park-SEZ-II | Trivandrum | IT/ITES |
| 5. | Electronic Technology Park-SEZ-3 | Trivandrum | IT/ITES |
| 6. | Infopark SEZ | Kochi | IT/ITES |
| 7. | KINFRA Film & Video Park | Trivandrum | Animation & Gaming |
| 8. | KINFRA (Food Processing) | Kakkancherry, Kozhikode | Food Processing |
| 9. | Kerala State Information Technology Infrastructure Ltd (KSITIL) | Cherthalai, Alappuzha | IT/ITES |
| 10. | KSITIL | Kollam | IT/ITES |
| 11. | KSITIL | Nellikode & Pandeerakavu, Kozhikode | IT/ITES |
| 12. | Puthuvypeen SEZ | Puthuvypeen | Port based |
| 13. | Sutherland Global Services Pvt Ltd | Kalamassery, Ernakulam | IT/ITES |
| 14. | Vallarpadam SEZ | Vallarpadam | Port based |
| **SEZ UNDER VARIOUS STAGES OF IMPLEMENTATION** | | | |
| **No.** | **Name of the Developer** | **Location** | **Type of SEZ** |
| 1. | Cochin Port Trust FTWZ | Ernakulam | FTWZ |
| 2. | M/s Electronics Technology Park | Trivandrum | IT/ITES |
| 3. | M/s Infopark Phase II, Kochi | Kakkanad, EKM | IT/ITES |
| 4. | KSITIL | Cheemeni, Kasaragod | IT/ITES |
| 5. | KSITIL | Koratty | IT/ITES |
| 6. | KSITIL | Thaliparambu, Kannur | IT/ITES |
| 7. | Parsvnath Infra Ltd | Aluva, Ernakulam | IT/ITES |
| 8. | Smart City (Kochi) Infrastructure Pvt Ltd | Kakkanad, Ernakulam | IT/ITES |
| 9. | KINFRA | Kochi | Electronic Industries |
| 10. | Uralungal Labour Contract Cooperative Society SEZ | Nellikode, Kozhikode | IT/ITES |

സെക്ഷൻ ഓഫീസർ